അടിസ്ഥാനത്തിൽ ജലവിഭവ വകുപ്പ് പ്രസ്തുത പദ്ധതി നടത്തിപ്പിന്റെ ഉത്തരവാദിത്വം റവന്യൂ വകുപ്പിൽ നിക്ഷിപ്തമാണെന്ന അഭിപ്രായം രേഖപ്പെടുത്തി ഫയൽ തിരികെ നൽകിയിരുന്നു. കൂടാതെ 2015-16-ന്റെ സംസ്ഥാന ബഡ്ജറ്റിൽ പ്രസ്തുത പ്രവൃത്തി ഉൾക്കൊള്ളിക്കുവാൻ ആവശ്യമായ പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ടെന്നും ആ വകുപ്പ് അറിയിച്ചിരുന്നു. പ്രസ്തുത വിവരത്തിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പ് അനുവർത്തിച്ച നടപടിയെ കുറിച്ച് ഈ വകുപ്പിൽനിന്നും ധനകാര്യ വകുപ്പിനോട് ആരാഞ്ഞിരുന്നുവെങ്കിലും ഇതേവരെ മറുപടി ലഭ്യമായിട്ടില്ല. കേരള നദീതീര സംരക്ഷണവും, മണൽ വാരൽ നിയന്ത്രണ നിയമത്തിലും ചട്ടത്തിലും, അനുബന്ധമായി പുറപ്പെടുവിച്ച സർക്കുലറിലും തടയണ നിർമ്മാണത്തിന് റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടില്ല. നദീതീര സംരക്ഷണത്തിനും അനുബന്ധ പ്രവൃത്തികൾക്കുമായി വിഭാവനം ചെയ്തിട്ടുള്ള റിവർ മാനേജ്മെന്റ് ഫണ്ട് ഭീമമായ തുക വിനിയോഗിക്കേണ്ടിവരുന്ന തടയണ നിർമ്മാണം പോലുള്ള പ്രവൃത്തികൾക്കായി നീക്കിവയ്ക്കേണ്ടതിൽ അപ്രായോഗികത കൂടികൊള്ളുന്നു. എന്നിരുന്നാലും ചെറുതുരുത്തി തടയണ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയം സർക്കാർ/ സംസ്ഥാന ഉന്നതതല സമിതി പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

കലശേഖരം പാലം

164 (1242) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കലശേഖരം പാലം നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) നെഗോഷ്യേറ്റഡ് പർച്ചേയ്സ് വ്യവസ്ഥപ്രകാരമുള്ള സ്ഥലമെടുപ്പ് നടപടികൾ എന്ന് പൂർത്തിയാകും;

(സി) ഏറ്റെടുക്കുന്ന സ്ഥലം പാലം നിർമ്മാണത്തിനുവേണ്ടിയാണോ അതോ ബന്ധപ്പെട്ട അപ്രോച്ച് റോഡുകളുടെ നിർമ്മാണത്തിനായാണോ പ്രയോജന പെടുത്തുന്നത്;

(ഡി) പാലം നിർമ്മാണത്തിന് സ്ഥലം ലഭ്യമായിട്ടുണ്ടെങ്കിൽ ഭരണാനുമതി ലഭിച്ച നിർമ്മാണപ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കുലശേഖരം പാലം നിർമ്മാണത്തിനായി വട്ടിയൂർക്കാവ്, വിളപ്പിൽ വില്ലേജുകളിൽനിന്ന് സ്ഥലം ഏറ്റെടുക്കുന്നതിൽ വട്ടിയൂർക്കാവ് ഭാഗത്തുള്ള സ്ഥലം ഉടമകളുമായി ഭൂമി വിലയുടെ കാര്യത്തിൽ സമവായത്തിൽ എത്തിയിട്ടുണ്ട്. വിളപ്പിൽ വില്ലേജിലെ സ്ഥലം ഉടമകളെ ഉൾപ്പെടുത്തി വീണ്ടും DLPC മുഖേന സ്ഥലവില ചർച്ച ചെയ്ത് തീരുമാനിക്കുന്നതിനുള്ള നടപടി നടന്നുവരുന്നു.

(ബി) പൊന്നുംവിലയ്ക്കെടുക്കേണ്ട വട്ടിയൂർക്കാവ്, വിളപ്പിൽ വില്ലേജുകളിലെ ഭൂഉടമകളുമായി സ്ഥലവില സംബന്ധിച്ച സമവായമുണ്ടാവുകയും പ്രസ്തുത സ്ഥലവില SLEC അംഗീകരിക്കുകയും ചെയ്താലുടൻ നടപടികൾ പൂർത്തിയാക്കുവാൻ സാധിക്കും.

(സി) പൊതുമരാമത്ത് വകുപ്പ് അംഗീകരിച്ച അലൈൻമെന്റ് സ്കെച്ച് പ്രകാരം പാലത്തിനും അപ്രോച്ച് റോഡ് നിർമ്മാണത്തിനും കൂടിയാണ് സ്ഥലം ഏറ്റെടുക്കുന്നത്.

(ഡി) സ്ഥലം ഏറ്റെടുത്ത് നൽകുന്ന മുറയ്ക്ക് പൊതുമരാമത്ത് വകുപ്പ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

വ്യാജരേഖ ചമച്ച് ഭൂമി വാങ്ങാൻ ശ്രമം

165 (1243) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ പെരിങ്ങളം വില്ലേജിലെ ഭൂമി വ്യാജരേഖ ചമച്ച് വാങ്ങാൻ ശ്രമിച്ചത് സംബന്ധിച്ച വിജിലൻസ് അന്വേഷണം പൂർത്തിയായത് എപ്പോഴായിരുന്നു ;

(ബി) വിജിലൻസ് അന്വേഷണത്തിലൂടെ കണ്ടെത്തിയ വസ്തുതകൾ വിശദമാക്കുമോ ;

(സി) കോടതിയിൽ വന്ന കേസ് എന്തായിരുന്നു ; കേസ് നടത്തിപ്പിലുണ്ടായതായി പറയുന്ന വീഴ്ച എന്തായിരുന്നു ;

(ഡി) പ്രസ്തുത കേസിന്റെ പരിഗണന ഏതെല്ലാം തീയതികളിൽ ഹൈക്കോടതിയിലുണ്ടായി ; ഇതുസംബന്ധിച്ച് റിപ്പോർട്ട് നൽകുന്നതിൽ വീഴ്ച വരുത്തിയത് ആരായിരുന്നു ;

(ഇ) പ്രസ്തുത ഭൂമിയുടെ യഥാർത്ഥ അവകാശി ആരാണ് ; സർക്കാർ വക ഭൂമി ആണെങ്കിൽ അത് സംരക്ഷിക്കുന്നതിന് കേസ് നടത്താൻ ജാഗ്രത കാണിക്കാതിരുന്നവരുടെ പേരിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly